LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതയില്ലാത്തവരാണെന്നും കാണപ്പെട്ടു. 266 സ്ഥാപനങ്ങളിൽ ആവശ്യത്തിന് അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാതിരുന്നു. ഉണനിലവാരമില്ലാത്ത ടെസ്റ്റുകളും രാസവസ്തുക്കളും 218 സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതായും 47 സ്ഥാപനങ്ങളിൽ അണുവിമുക്തമാകാത്ത ഉപകരണങ്ങൾ ഉപയോഗിക്കുന്നതായും കണ്ടെത്തി. 356 സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് കൊടുത്തു. 48 എണ്ണം അടച്ചുപൂട്ടി. 13 എണ്ണത്തിൽ നിന്നും പിഴ ഈടാക്കി. 26-6-2015-ന് 503 സ്കാനിംഗ് സെന്ററുകളും 20 ജനറ്റിക് ക്ലിനിക്കുകളും ഉൾപ്പെടെ 523 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിനെ തുടർന്ന് 48 സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് കൊടുത്തു. 14 എണ്ണം അടച്ചുപൂട്ടി. പി. സി. & പി.എൻ.ഡി.റ്റി. ആക്ട് ഉപയോഗിച്ചാണ് അടച്ചുപൂട്ടിയത്. 8-12-2015-ൽ തിരുവനന്തപുരത്ത് 2639 ജീവനക്കാർ ഉൾപ്പെടുന്ന 538 ടീമുകൾ പരിശോധന നടത്തി ആകെ 2224 സ്വകാര്യ ലാബുകളിലാണ് പരിശോധന നടത്തിയത്. പരിശോധനയിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ 48 ലാബുകൾ അടച്ചുപൂട്ടി. കൂടാതെ 565 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല

വടക്കാഞ്ചേരി സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി

88(2556) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി സി. എച്ച്. സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് താലൂക്ക് ആശുപത്രിയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിലവാരത്തിൽ പ്രവർത്തിക്കുന്നതിനുള്ള സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ;

(സി) വടക്കഞ്ചേരിയിൽ നിലവിൽ സി.എച്ച്.സി. കളുടെ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരുണ്ടോ; എത്ര ജീവനക്കാരുടെ കുറവാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നടപടികൾ ആരംഭിച്ചിട്ടില്ല

(സി) വടക്കഞ്ചേരി സി.എച്ച്.സി.-യിൽ അനുവദിച്ച കിടക്കകളുടെ എണ്ണം 34 ആണ്. നിലവിലുള്ള ജീവനക്കാരുടെ തസ്തികകൾ അനുബന്ധമായി ചേർക്കുന്നു.* സ.ഉ. (സാധാ) നമ്പർ 1669/2014/ആ.ക.വ. തീയതി, 26-5-2014 പ്രകാരം ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റികൾ ആരംഭിക്കുന്നതിനായി തിരഞ്ഞെടുത്ത 154 ആശുപത്രികളിൽ വടക്കാഞ്ചേരി സി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ജനറൽ മെഡിസിൻ, സർജറി എന്നീ സ്പെഷ്യാലിറ്റികളിൽ ഡോക്ടർമാരുടെ കുറവുള്ളതിനാൽ പ്രസ്തുത 154 ആശുപത്രികളിൽ താലൂക്ക്/താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഒഴികെയുള്ള ആശുപത്രികളിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4/2015/ആ.ക.വ. തീയതി 1-1-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്ക് നിർമ്മാണം

89(2557) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 2015 മാർച്ച് മാസത്തിൽ 21338 നമ്പർ ആയി രജിസ്റ്റർ ചെയ്ത പ്രസ്തുത ഫയലിന്മേൽ തീർപ്പുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച 21338 നമ്പർ ഫയൽ ഇ 2/377/15/ ആരോഗ്യം എന്ന പ്രകാരം ധനവകുപ്പിന്റെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly